<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647</u> <u>23-02-2026 - ൽ മറുപടിയ്ക്ക്</u>

<u>കേപ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്) ജീവനക്കാരുടെ ശമ്പളപരിഷ്കരണവും കരിയർ അഡ്വാൻസ്മെന്റ് സ്കീമും നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണം സർക്കാർ പരിശോധിച്ചു വരുന്നു. അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പാക്കുന്നതിന്റെ ഭാഗമായി ആയതിനുള്ള സ്ക്രീനിംഗ് ആന്റ് ഇവാല്യുവേഷൻ കമ്മിറ്റി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്വാശ്രയ എൻജിനീയറിങ് കോളേജുകളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നിലവിൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | ഈ സർക്കാറിന്റെ കാലത്ത് കേപ് ജീവനക്കാർക്ക് അവസാനമായി ക്ഷാമബത്ത അനുവദിച്ചത് എന്നാണ്; തുടർന്ന് ക്ഷാമബത്ത അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | 10.11.2025 ലും 03.02.2026 ലും ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. കേപ്പ് അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രയാസം മൂലമാണ് പൂർണ്ണതോതിൽ ക്ഷാമബത്ത അനുവദിക്കാൻ സാധിക്കാതെ വരുന്നത്. |
| (ഡി) | ഈ സർക്കാറിന്റെ കാലത്ത് കേപ് മൂന്ന് നഴ്സിങ് കോളേജുകൾ ആരംഭിക്കുകയും തുടർന്നു മൂന്നെണ്ണം തുടങ്ങാനുള്ള പ്രാരംഭ പ്രവർത്തനത്തിലുമായതിനാൽ, പുതിയ നേഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് കേപ്-ന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; നേഴ്സിംഗ് കോളേജുകൾക്ക് പുതിയതായി എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | കേപ്പ് ആരംഭിച്ച നഴ്സിംഗ് കോളേജുകൾക്ക് പ്രത്യേകമായി സാമ്പത്തിക സഹായം അനുവദിച്ചു നൽകിയിട്ടില്ല. നഴ്സിംഗ് കോളേജുകൾക്ക് പുതിയതായി എന്തെങ്കിലും സാമ്പത്തിക സഹായ നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (ഇ) | കേപ് സ്ഥാപനമായിരുന്ന കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാരിന് വിട്ടുകൊടുത്ത വകയിൽ കേപ്-ന് ലഭിച്ചിരുന്ന സ്വലേഷ്യം ഫണ്ടിന്റെ കാലാവധി തീർന്നതിനാൽ പുതുതായി സർക്കാർ ബഡ്ജറ്റ് | (ഇ) | കൊച്ചിൻ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത വകയിലെ നഷ്ടപരിഹാരതുക 2026-27 മുതൽ ലഭിക്കാത്തത് മൂലമുള്ള വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് അധിക തുക ആവശ്യപ്പെട്ടുള്ള |

| | | | |
|---|---|---|---|
| | വിഹിതവും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടും വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ? | | 2026-27 വർഷത്തെ ധനാഭ്യാർത്ഥന ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ